# ഹാൻമറിന് ഏഷ്യാ - ഫെസിഫിക് പി ആർ അവാർഡ്

കൊച്ചി: പബ്ലിസിസ് ഗ്രൂപ്പി ൽപ്പെട്ട പ്രമുഖ പബ്ലിക് റിലേഷൻ കമ്പനിയായ ഹാൻമർ എംഎസ് ആന്റ് എൽ 2009-ലെ ഏഷ്യാ - ഫെസിഫിക് അവാർ ഡ് കരസ്ഥമാക്കി.

മൂലകോശ സംഭരണ രംഗത്ത് പ്രവർത്തിക്കുന്ന ചെന്നൈയിലെ ലൈഫ് സെൽ ഇന്റർ നാഷണൽ പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി നടത്തിയ മാധ്യമ പ്രചാരണത്തിനാണ് ഹോങ്കോങിൽ നടന്ന ചടങ്ങിൽ പ്രൊഡക്റ്റ് ബ്രാന്റ് ഡവലപ്മെന്റ് വിഭാഗത്തിൽ ഹാൻമറിന് അവാർഡ് ലഭിച്ചത്.

ഈ വർഷം ഈ അവാർഡ് നേടുന്ന ഏക ഇന്ത്യൻ പിആർ കമ്പനിയാണ് ഹാൻമർ എംഎസ്ആന്റ് എൽ എന്ന് മാനേജിങ് ഡയറക്ടർ സുനിൽ ഗൗതം പറഞ്ഞു.

ഇന്ത്യയെ സംബന്ധിച്ചേടത്തോളം തികച്ചും പുതുമയായ മൂലകോശ സംഭരണമെന്ന ആശയം പ്രചരിപ്പിക്കുന്നതിൽ ഹാൻമർ മികച്ച പങ്കാണ് വഹിച്ചതെന്ന് ലൈഫ് സെൽ പ്രസിഡന്റ് മയൂർ അഭയ പറഞ്ഞു.